**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൻ. രാജന്റെ സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 935/2021/തസ്വഭവ. തീയതി, തിരുവനന്തപുരം, 30.04.2021

പരാമർശം :
1. 05.05.2010 തീയതിയിലെ സ.ഉ(സാധാ) നം.1518/2010/തസ്വഭവ
2. 27.08.2010 തീയതിയിലെ സ.ഉ(സാധാ) നം.2846/2010 തസ്വഭവ
3. 06.03.2021 തീയതിയിലെ സ.ഉ(സാധാ) നം.666/2021/തസ്വഭവ
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 2424/19-നമ്പർ കേസിലെ 09.03.2021 തീയതിയിലെ വിധിന്യായം.
5. നഗരകാര്യഡയറക്ടറുടെ 16.04.2021 തീയതിയിലെ വി3-33066/17-നമ്പർ കത്ത്.

## ഉത്തരവ്

പെരുമ്പാവൂർ നഗരസഭയിലെ 15-ാം വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന ലക്ഷ്മി ഫ്ളവർ മിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നൽകുന്നതിന് ഹെൽത്ത് സൂപ്പർവൈസറായ ശ്രീ. എൻ. രാജൻ 2,000/- രൂപ സ്ഥാപന ഉടമയായ ശ്രീ. വി.എസ് അനിൽകുമാറിനോട് കൈക്കൂലി ആവശ്യപ്പെട്ടതായി ശ്രീ. വി.എസ് അനിൽകുമാർ സർക്കാരിൽ പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതിയിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്പർവൈസർ ശ്രീ.എൻ. രാജനെ പരാമർശം 1 ഉത്തരവ് പ്രകാരം 05.05.2010 മുതൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം 2 ഉത്തരവ് പ്രകാരം സസ്പെൻഷൻ പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു. 31.10.2018 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ.എൻ. രാജനെതിരായി ആരംഭിച്ച അച്ചടക്കനടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്തു കൊണ്ട് പരാമർശം 3 ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു.

2. ശ്രീ. എൻ. രാജൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2424/19-നമ്പർ കേസിലെ പരാമർശം 4 ഉത്തരവ് പ്രകാരം അപേക്ഷകന്റെ സസ്പെൻഷൻ കാലയളവ് ഒരു മാസത്തിനകം ക്രമീകരിച്ച് ഉത്തരവാകണമെന്നും

അപ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യണമെന്നും ഉത്തരവായിരുന്നു.

3. 05.05.2010 മുതൽ 03.09.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനായി ശ്രീ. എൻ. രാജൻ അപേക്ഷ സമർപ്പിച്ചതനുസരിച്ച് ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 5 കത്ത് പ്രകാരം, ശ്രീ. എൻ. രാജനെതിരെയുള്ള അച്ചടക്കനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതിനാലും, ടിയാന്റെ ക്രഡിറ്റിൽ അർഹതപ്പെട്ട ലീവ് നിലവിലില്ലാത്തതിനാലും 05.05.2010 മുതൽ 03.09.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് ടിയാൻ അപേക്ഷ നൽകിയിട്ടുള്ളതിനാൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് ശൂന്യവേതനാവധി അപേക്ഷ സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായിരുന്ന സർവ്വീസിൽ നിന്നും വിരമിച്ചതുമായ ശ്രീ.എൻ. രാജന്റെ 05.05.2010 മുതൽ 03.09.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഒ.എ 2424/19-നമ്പർ കേസിലെ 09.03.2021 തീയതിയിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ,കേരളം, തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. എൻ. രാജൻ, ഹെൽത്ത് സൂപ്പർവൈസർ, പെരുമ്പാവൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ